Thursday, *the* $\frac{\textit{1st August 1946}}{\textit{16th Karkadagam 1121}}$

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble President (Sir George Boag, K. C. I. E., C. S. I.) in the Chair.

Mrs. Dhakshayani Velayudhan and Mr. C. N. Ittiravi Nambudiri were absent.

1. QUESTIONS AND ANSWERS

PANCHAYAT WELL—CRANGANUR—KOTTAPPURAM ROAD

61. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ കാവിന്നു തെക്കുവശം കൊടുങ്ങല്ലൂർ കോട്ടപ്പുറം റോഡിന്നു പടിഞ്ഞാറുവശം റോഡരികിൽ കിടക്കുന്ന പഞ്ചായത്തു കിണറു മുഴുവൻ പൊളിച്ചു നീക്കംചെയ്തു കൂടുതൽ താഴ്ത്തി പുതുതായി കെട്ടുന്നതിന്നാണോ ഗവൺമെണ്ടു കല്പനകൊടുത്തിട്ടുള്ളതു്;

(ബി) അപ്രകാരം തന്നെയാണോ പണിചെയ്തിട്ടുള്ളതു്;

(സി) മുഴുവൻ പൊളിച്ചു നീക്കിയിട്ടില്ല കെട്ടിയതെന്നു ആക്ഷേപം ആ നാട്ടുകാരിൽ നിന്നും ഗവൺമെണ്ടിന്നു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവൺമെണ്ടു എന്തു നടപടി എടുത്തു?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) കിണറിന്റെ കല്ല പൊളിച്ചു് ഉപയോഗിക്കാവുന്ന പഴയ കല്ല ചേർത്തു് പണിയുവാനാണു് കല്പന കൊടുത്തിട്ടുള്ളതു്.

(ബി) അതെ.

(സി) ആക്ഷേപം കിട്ടീട്ടില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, എന്റെ ചോദ്യം. മുഴുവൻ പൊളിച്ചു നീക്കിയിട്ടില്ല കെട്ടിയതെന്ന ആക്ഷേപത്തെ കുറിച്ചാണു്. പിന്നെ പഴയ കല്ലചേർത്തു പണിയുവാനാണു് കല്പന കൊടുത്തതെന്ന മറുപടിയിൽ കാണുന്നുണ്ടു്. പഴയകല്ല എല്ലാം പൊളിച്ചു നീക്കം ചെയ്തിട്ടില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പഴയ കല്ലകൂടി ചേർത്തു് കെട്ടുവാനാണു് പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: പഴയകല്ല കൊള്ളാഗം അവിടെ നിർത്തിയിട്ടാണോ പൊളിച്ചു പണിയുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: പഴയകല്ലകളും കൂടി പണിയണമെന്നാണു് പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അതു് മുഴുവനും പൊളിച്ചു നീക്കം ചെയ്തിട്ടില്ലെന്നു് ആരെങ്കിലും കമ്പിയടിച്ചിട്ടുണ്ടായിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല. വേറെ ഒരു ഹർജ്ജി കിട്ടീട്ടുണ്ടു്. അതിൽ പണി വേഗത്തിൽ തീർക്കണമെന്നാണു് പറഞ്ഞിട്ടുള്ളതു്.

MINISTER FOR DEVELOPMENT—VISIT TO MADRAS

62. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

(*a*) did the Hon'ble Minister for Development visit Madras recently to study the condition of Labour in Madras Presidency and the way in which the problem is being tackled by the Madras Government;

(*b*) what was the result of the visit?

LIBRARY ARCHIVES Kerala Legislative Assembly